# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 126 — 22.03.2013 ലെ മറുപടിക്ക്

### പ്രവാസികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. വി. അബ്ദുൾ ഖാദർ:<br>ശ്രീ. ഇ. പി. ജയരാജൻ:<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ:<br>ശ്രീ. ബി. സത്യൻ: | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) കയറ്റുമതികാർക്കും വിദേശ നാണ്യം നേടിത്തരുന്ന മറ്റ് വിഭാഗ ങ്ങൾക്കുള്ള ആനുകുല്യങ്ങൾ ഒന്നും തന്നെ നാട്ടിൽ വിദേശ പണം എത്തിക്കുന്ന പ്രവാസികൾക്ക് കേന്ദ്ര സർക്കാർ ലഭ്യമാക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) കേരളത്തിന് ലഭിക്കുന്ന കേന്ദ്ര സർക്കാർ ധനസഹായത്തിന്റെ എത്ര ഇരട്ടിയാണ് പ്രവാസികൾ വഴി കേരളത്തിലെത്തുന്ന വരുമാനമെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) 2011 ൽ സി.ഡി.എസ് (സെന്റർ ഫോർ ഡെവലപ്പ്മെന്റ് സ്റ്റഡീസ്) നടത്തിയ പഠനമനുസരിച്ച് പ്രവാസികൾ വഴി കേരളത്തിന് പ്രതിവർഷം ഏകദേശം 50,000/- കോടി രൂപയാണ് ലഭിക്കുന്നത്. |
| (സി) എങ്കിൽ വിദേശത്ത് കഠിനാ ധ്വാനം ചെയ്യുന്ന 90 ശതമാന ത്തോളം മലയാളികളുടെ ക്ഷേമ കാര്യങ്ങളിൽ പ്രത്യേക ശ്രദ്ധ ചെലു | (സി) വിദേശ മലയാളികളുടെ ക്ഷേമ ത്തിനായി വിവിധ പദ്ധതികൾ നോർക്ക റൂട്ട്സ് മുഖേന നടപ്പിലാക്കി വരുന്നുണ്ട്. പ്രവാസി കേരളീയകാര്യ ക്ഷേമ ബോർഡിൽ |

ത്താനും, അർഹമായ പരിഗണന നൽകുന്നതിനും നടപടി സ്വീക രിക്കുമോ ?

അംഗങ്ങളായ പ്രവാസികൾക്ക് ആക്ടിൽ വിഭാവനം ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുണ്ട്. കൂടാതെ പ്രവാസികളുടെ ക്ഷേമ കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിനും അർഹമായ പരിഗണന നൽകുന്നതിനുമായി പ്രവാസി ലീഗൽ എയ്ഡ് സെൽ, നോർക്ക ബിസിനസ്സ് സെന്റർ, തിരികെവന്ന പ്രവാസികളുടെ പുനരധിവാസം, ജയിൽ മോചിതരാകുന്നവരെ തിരികെ നാട്ടിലെത്തിക്കുന്നതിന് വിമാന യാത്രാ ടിക്കറ്റ് ലഭ്യമാക്കുന്ന സ്വപ്ന സാഫല്യം തുടങ്ങിയ പുതിയ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് ആരംഭിച്ചിട്ടുണ്ട്.

(signature)

സെക്ഷൻ ഓഫീസർ